# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1046 28.04.2017 -ലെ മറുപടി

## പതിറ്റാണ്ടുകൾ പിന്നിട്ട ജലസേചന പദ്ധതികളെപ്പറ്റി പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പമന്ത്രി |

| | | | |
|---|---|---|---|
| എ) | നിർമ്മാണം ആരംഭിച്ചിട്ട് പതിറ്റാണ്ടുകൾ പിന്നിട്ട ജലസേചന പദ്ധതികളായ ബാണാസുര സാഗർ, കാരാപ്പുഴ, ഇടമലയാർ, മൂവാറ്റുപുഴ എന്നിവയുടെ ഭാവി കാര്യങ്ങൾ തീരുമാനിക്കാൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | എ | ഉണ്ട്. |
| ബി) | ഈ പദ്ധതി പ്രവർത്തനങ്ങൾ ഓരോന്നും ആരംഭിച്ച വർഷം, പ്രാരംഭ പദ്ധതി തുക, പുതുക്കിയ പദ്ധതി തുക, ഇതിനകം ചിലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | ബി | (പട്ടിക താഴെ) |

| പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | പ്രാരംഭ പദ്ധതി തുക(കോടി രൂപ) | പുതുക്കിയ പദ്ധതി തുക(കോടി രൂപ) | ഇതിനകം ചെലവഴിച്ച തുക (കോടി രൂപ) |
|---|---|---|---|---|
| കാരാപ്പുഴ ജലസേചന പദ്ധതി | 1978 | 7.60 | 570 | 315 |
| ബാണാസുര സാഗർ പദ്ധതി | 1999 | 37.88 | 185.50 | 54 |
| ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് | 1981 | 17.17 | 107 (1992 എസ്. ഒ. ആർ പ്രകാരം) | 433 |
| മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി | 1974 | 20.68 | 945 | 929 |

(ജലസേചന വകുപ്പ് നിർവ്വഹിച്ച/ നിർവ്വഹിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ മാത്രമാണ് ഇവ)

| | | | |
|---|---|---|---|
| സി) | വിദഗ്ധ സമിതിയെ എന്നത്തേക്ക് നിശ്ചയിക്കും; എന്തൊക്കെ കാര്യങ്ങളെ കുറിച്ചാണ് സമിതി പ്രധാനമായും പഠനം നടത്തുക; | സി & ഡി | പരിശോധിച്ച് വരുന്നു. ടി പദ്ധതികളുടെ ഭാവി പരിപാടി, കുറഞ്ഞ ചെലവിൽ എങ്ങനെ പ്രയോജന പ്രദമായ രീതിയിൽ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ചാണ് സമിതി പ്രധാനമായും പഠനം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| ഡി) | സമിതിയുടെ റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | | |
| ഇ) | ജലസേചന വകുപ്പിന്റെ കീഴിൽ ഇതുപോലെ ആരംഭംകുറിച്ചിട്ട് ദീർഘകാലമായി പൂർത്തിയാകാത്ത മറ്റേതെങ്കിലും പദ്ധതികളെ കുറിച്ച് പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഇ | ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**